**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5453** **15-03-2023 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള റീഹാബിലിറ്റേഷൻ വില്ലേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മുളിയാർ പഞ്ചായത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള റീഹാബിലിറ്റേഷൻ വില്ലേജ് പദ്ധതിക്ക് മാസ്റ്റർ പ്ലാൻ പ്രകാരം എത്ര രൂപയാണ് വേണ്ടി വരുന്നത്; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ വില്ലേജിന്റെ രൂപീകരണത്തിനായി മൊത്തം 25 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ആയത് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടറുടെ പക്കലുണ്ടായിരുന്ന 5 കോടി രൂപ വിനിയോഗിച്ച് പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതിന് അനുമതി നൽകി 25.10.2017 ലെ സ.ഉ (സാധാ) നം.708/2017/ സാനീവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| (ബി) | നിലവിൽ എത്ര രൂപയുടെ പ്രവൃത്തിയാണ് നടന്നുവരുന്നത്; വിശദാംശം അറിയിക്കാമോ; | (ബി) | മേൽപറഞ്ഞ 5 കോടി രൂപ വിനിയോഗിച്ച് കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ പുരോഗമിച്ച് വരുന്നത്. പ്രസ്തുത ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും, ഹൈഡ്രോ തെറാപ്പി ബ്ലോക്കുമാണ് നിർമ്മിക്കുന്നത്. |
| (സി) | ഇനി എത്ര തുക കണ്ടെത്തേണ്ടിവരും; ഇതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ച് സൈറ്റ് എഞ്ചിനീയർ തയ്യാറാക്കിയ 26,10,00,000/- രൂപയുടെ (ഇരുപത്തിയാറു കോടി പത്തുലക്ഷം രൂപ മാത്രം) റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിൽ മെയിൻ ബ്ലോക്ക്, ഫിസിയോ തെറാപ്പി/ ഒക്കുപേഷണൽ തെറാപ്പി ബ്ലോക്ക്, സ്പീച്ച് തെറാപ്പി/ ബിഹേവിയറൽ തെറാപ്പി ബ്ലോക്ക്, എൻടി & ഡൈനിംങ്ങ് തെറാപ്പി ബ്ലോക്ക്, മാനുഫാക്ചർ & ബൗണ്ടറി സ്റ്റോൺ, ബാർബൈഡ് വയർ ഫെൻസിംഗ് എന്നീ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപറഞ്ഞ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് |

| | | | |
|---|---|---|---|
| | | | ഡയറക്ടറേറ്റിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയ്ക്കായുള്ള ബാക്കി തുക അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ